# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1810** 04.10.2011-ൽ മറുപടിക്ക്

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ സേവനവും ഭരണ പരിഷ്ക്കരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>" പി.സി.വിഷ്ണുനാഥ്<br>" ഡൊമിനിക് പ്രസന്റേഷൻ<br>" പി.എ.മാധവൻ | ഡോ: എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സേവനവും ഭരണവും മെച്ചപ്പെടുത്തുവാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് അറിയിക്കാമോ; | (എ) തദ്ദേശ സ്ഥാപനങ്ങളുടെ സേവനവും ഭരണവും മെച്ചപ്പെടുത്തുന്നതിനായി ലോകബാങ്ക് ധനസഹായത്തോടെ സർക്കാർ വിഭാവനം ചെയ്തിട്ടുള്ള ഒരു പ്രോജക്ടാണ് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്(കെ.എൽ.ജി.എസ്.ഡി.പി). ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സേവന പ്രദാനത്തിന് വേണ്ട മൂലധനആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനും അധിക ചെലവിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും ധനസഹായം നൽകുക, പ്രസ്തുത സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പദ്ധതി നിർവ്വഹണശേഷി വർദ്ധിപ്പിക്കുന്നതിനു ആവശ്യമായ പരിശീലന പരിപാടികൾ നടത്താൻ നിയുക്തമായ 'കില', എസ്.ഐ.ആർ.ഡി പോലുള്ള സ്ഥാപനങ്ങളുടെ നിലവിലുള്ള സംവിധാനങ്ങളും മനുഷ്യ വിഭവ ശേഷിയും വർദ്ധിപ്പിക്കുന്നതിനുമുള്ള ഉപാധികൾ നൽകുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ വിവര ശേഖരം, സേവന പ്രദാന സർവ്വേ, പ്രോജക്ടിന്റെ വിലയിരുത്തൽ പഠനം, സംസ്ഥാന സർക്കാരിനും സംസ്ഥാന ധനകാര്യ കമ്മീഷനും മറ്റും ആവശ്യമുള്ള വിശകലനങ്ങൾ എന്നിവ നടത്തുന്നതിന് പറ്റിയ വിവരങ്ങൾ ശേഖരിച്ച് പൊതുജനത്തിന് ലഭ്യമായ രീതിയിൽ വിന്യസിക്കുകയും ചെയ്യുക എന്നിവയാണ് പ്രസ്തുത പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. |

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി ലോകബാങ്കിൽ നിന്നും സഹായം ലഭ്യമാക്കുന്നുണ്ടോ; പ്രസ്തുത പണം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന മാനദണ്ഡവും എന്തെല്ലാം ആവശ്യങ്ങൾക്ക് പ്രസ്തുത ഫണ്ട് ചെലവഴിക്കാമെന്നും വ്യക്തമാക്കാമോ

(ബി) ഉണ്ട്.

നിലവിലുള്ള വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന ചെലവുകൾക്കുള്ള ബജറ്റ് വിഹിതം കണക്കാക്കുന്നതിന് സംസ്ഥാന ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള അതേ മാനദണ്ഡങ്ങൾ തന്നെയാണ് പെർഫോമൻസ് ഗ്രാന്റ് വിഹിതം നിശ്ചയിക്കുന്നതിനും ഉപയോഗിക്കുന്നത്. പെർഫോമൻസ് ഗ്രാന്റ് ഒറ്റ ഗഡുവായാണ് പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും ലഭിക്കുക. സംസ്ഥാന ബജറ്റിന്റെ അപ്പൻഡിക്സ് 4-ൽപ്പെടുത്തിയാണ് നൽകുക. പെർഫോമൻസ് ഗ്രാന്റിന് മേഖല വിഭജന വിഹിതത്തിനുള്ള പരിധി നിശ്ചയിച്ചിട്ടില്ല.

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിഹിതം ലഭിക്കുന്നതിന് പാലിക്കേണ്ട അനിവാര്യ വ്യവസ്ഥകൾ(Mandatory minimum conditions)ചുവടെ ചേർക്കുന്നു.

1.ആസൂത്രണവും ബജറ്റ് തയ്യാറാക്കലും:

പുതിയ സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണസമിതി അംഗീകരിക്കുകയും അതിന്റെ ഒരു പകർപ്പ് തദ്ദേശ സ്വയംഭരണവകുപ്പിന് മാർച്ച് 31-ന് മുമ്പായി സമർപ്പിക്കുകയും വേണം

മുൻ വർഷത്തെ വാർഷിക പദ്ധതി ഭരണ സമിതിയും ജില്ലാ ആസൂത്രണ സമിതിയും അംഗീകരിച്ചതിന്റെ ഒരു പകർപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിക്കണം.

2.പദ്ധതി നിർവ്വഹണവും സേവന പ്രദാനവും

മുൻവർഷം ഗ്രാന്റ് ലഭിച്ച തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പെർഫോമൻസ് ഗ്രാന്റിന്റെ 80 ശതമാനമെങ്കിലും കുറഞ്ഞത് ചെലവഴിച്ചിരിക്കണം;

വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്ന ഘട്ടത്തിൽ പെർഫോമൻസ് ഗ്രാന്റുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് പാരിസ്ഥിതിക സാമൂഹിക സുരക്ഷാ ചട്ടങ്ങൾ ബാധകമാക്കണം

പെർഫോമൻസ് ഗ്രാന്റുപയോഗിച്ച് സൃഷ്ടിക്കപ്പെടുന്ന ഭൗതിക ആസ്തികൾ പരിശോധിക്കണം.

3.അക്കൗണ്ടിംഗ്,റിപ്പോർട്ടിംഗ്, ഓഡിറ്റിംഗ്:

മുൻ വർഷത്തെ വിലയിരുത്തലിൽ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ വിശേഷണങ്ങളില്ലാത്ത ഓഡിറ്റ് സർട്ടിഫിക്കറ്റ്

ലഭിപ്പിക്കണം.

4. സുതാര്യതയും അക്കൗണ്ടബിലിറ്റിയും:
വാർഷിക ബജറ്റിനെയും പദ്ധതിയെയും കുറിച്ച് ഒരു പൊതുരേഖ തയ്യാറാക്കി വിതരണം ചെയ്യേണ്ടതാണ്.

കൂടാതെ രണ്ടാം ഘട്ടത്തിലെ (2013-16) പെർഫോമൻസ് ഗ്രാന്റ് വിഹിതം നിശ്ചയിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തന മാനദണ്ഡങ്ങളാണ് സ്വീകരിക്കുക:

1. പദ്ധതി നിർവ്വഹണവും സേവന പ്രദാനവും
നിർവ്വഹണ ഘട്ടത്തിൽ പെർഫോമൻസ് ഗ്രാന്റുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് പാരിസ്ഥിതിക, സാമൂഹിക ചട്ടങ്ങൾ പാലിക്കണം.
സ്വന്തം വരുമാനത്തിനായി സുതാര്യവും അനുയോജ്യവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും അവ മേൽനോട്ടവും ഡോക്യുമെന്റ് ചെയ്യുകയും വേണം.
പ്രവർത്തനക്ഷമമായ വിവര സാങ്കേതിക വിദ്യയുടെ പശ്ചാത്തല സൗകര്യം ഉണ്ടായിരിക്കണം.

2. അക്കൗണ്ടിംഗ്, റിപ്പോർട്ടിംഗ്, ഓഡിറ്റിംഗ്:
ത്രൈമാസ വിവരങ്ങളുടെ റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാന സർക്കാരിന് സമർപ്പിക്കണം.
വിവരങ്ങളിൽ തൊട്ടു മുൻവർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ബാഹ്യ ഓഡിറ്റ് വിശകലനങ്ങളുൾപ്പെടുത്തിയിരിക്കണം.
മുൻവർഷത്തിന് തൊട്ടു പിൻവർഷത്തെ ഓഡിറ്റിൽ നിരീക്ഷിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കണം.

3. സുതാര്യതയും അക്കൗണ്ടബിലിറ്റിയും:
ബജറ്റിനെയും വാർഷിക പദ്ധതിയെയും കുറിച്ചുള്ള പൊതു രേഖകൾ വാർഡ് തലത്തിൽ ലഭ്യമായിരിക്കണം.
ആസൂത്രണ, നിർവഹണ പ്രക്രിയകളിൽ ദുർബല വിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കണം.
പൗരാവകാശരേഖ തയ്യാറാക്കി പ്രദർശിപ്പിക്കേണ്ടതാണ്.

ഇവയെ മാനദണ്ഡമാക്കി ഒരു നിശ്ചിത സ്കോർ കണക്കാക്കുകയും അത് മുൻകൂറായി എല്ലാ ഗ്രാമപഞ്ചായത്തുകളെയും,മുനിസിപ്പാലിറ്റികളെയും അറിയിക്കുന്നതുമാണ്. 2011-12 മുതൽ രണ്ടാം

വർഷവും ജൂണിലും ഡിസംബറിലും ഇടക്കുള്ള കാലയളവിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേന പ്രവർത്തന വിലയിരുത്തൽ നടത്തുന്നതാണ്.

<u>ഗ്രാന്റ് വിനിയോഗം</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസംവിധാനവും സേവന പ്രദാനവും മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിലുള്ള മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടി ആവിഷ്കരിക്കുന്ന പദ്ധതികൾക്കായി പെർഫോമൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്.

പാരിസ്ഥിതികമോ മറ്റ് കാരണങ്ങളാലോ നടപ്പാക്കാനാവാത്ത ചില പ്രവൃത്തികൾ ഒഴികെ മറ്റു പ്രവൃത്തികൾക്ക് പെർഫോമൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത തുകയുടെ തിരിച്ചടവ് വ്യവസ്ഥകൾ എന്തെല്ലാം? | (ഡി) | ലോൺ തുക 2021-ൽ തുടങ്ങി 25 വർഷം കൊണ്ട് 0.75% സർവ്വീസ് ചാർജ്ജോടെ തിരിച്ചടയ്ക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ